# GOVERNMENT OF KERALA

## Abstract

Prisons - Recommendation of Jail Advisory Committee of Central Prison and Correctional Home, Viyyur - Premature release of Prisoners - Orders issued.

## HOME (B) DEPARTMENT

G.O.(Ms)No.118/2026/HOME Dated,Thiruvananthapuram, 10-06-2026

Read:- Letter No. KPCS/2611/2025/WP1, dated 29.03.2025, 02.05.2025,10.07.2025, 20.09.2025 and 03.10.2025 of the Director General, Prisons and Correctional Services.

## ORDER

As per rule 462 and 463 of Kerala Prisons and Correctional Services (Management) Rules, 2014 Advisory committees are constituted in each Central Prison, Open Prison, Prison for Women and High Security Prison to make recommendation to the Government for the premature release of prisoners

2. The Jail Advisory Committee of Central Prison and Correctional Home, Viyyur, which met on 24.01.2025 recommended 5 prisoners for premature release. The Director General of Prisons and Correctional Services, as per letters read above, has forwarded the minutes of the meeting of the Advisory Committee, along with all supporting documents in respect of the prisoners who have been recommended for premature release.

3. Government have examined the matter in detail and are pleased to order the premature release of the following 3 prisoners of Central Prison and Correctional Home, Viyyur, excluding C No. 383/23 Sabu P.P. (already released) and C No. 376/23 Sankaran, whose probation report is not favourable, by remitting their remaining period of substantive sentence in exercise of the powers conferred under Article 161 of the Constitution of India and subject to the conditions laid down in rule 470 of the Kerala Prisons and Correctional Services (Management) Rules, 2014 and on condition that the release will be

effected only on payment of fine,if any, or after undergoing the default sentence:

1) C.No.4650 Shanilkumar
2) C.No.162/22 Johny
3) C No. 229/23 Binoy Joseph

(By order of the Governor)
**BISHWANATH SINHA**
**ADDITIONAL CHIEF SECRETARY**

The Secretary to Hon'ble Governor, Lok Bhavan, Thiruvananthapuram
The State Police Chief, Thiruvananthapuram
The Director General of Prisons and Correctional Services, Thiruvananthapuram (with case files)
Superintendent, Central Prison and Correctional Home, Viyyur, Thrissur
General Administration (SC) Department
Law Department (Vide OPN-E1/333/2025-LAW dated 05.06.2025 & OPN-E1/425/2025-LAW , dated 13.07.2025)
Information Officer, Web & New Media division, I&PRD
The Stock file.

Forwarded /By order
Signed by
Amina B
Section Officer
Date: 10-06-2026 12:02:18

71

37

3586

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | ബി1/158/2025/ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (ബി) വകുപ്പ് |
| 3. വിഷയം | ആഭ്യന്തരവകുപ്പ് - ജയിലുകൾ- 24.01.2025 തീയതിയിലെ വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ 2024 വർഷത്തെ രണ്ടാം അർദ്ധ വാർഷിക ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.08.2025 |
| 5.<br>(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല<br>ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പിന്റെ അഭിപ്രായം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സിന്ധു. റ്റി .എസ് |
| 8.കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.01.2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17.01.2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13.മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22.01.2026 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.01.2026 |
| 15.മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ 24.01.2025 തീയതിയിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) നിയമത്തിലെ വകുപ്പ് 77 പ്രകാരം തടവുകാരുടെ അകാല വിട്ടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും വനിതാ ജയിലുകളിലും വനിതാ തുറന്ന ജയിലിലും, അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി 24.01.2025 ന് യോഗം ചേർന്ന് 05 തടവുകാർക്ക് അകാല വിട്ടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തു.

3. ശിപാർശ ചെയ്യപ്പെട്ട തടവുകാരുടെ കേസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.:-

| ക്രമ നം | സി.നം. & പേര് (വയസ്സ്) | കുറ്റകൃത്യം | ശിക്ഷ | പോലീസ് റിപ്പോർട്ട് | പ്രൊബേഷൻ റിപ്പോർട്ട് | 30.11.2024 തീയതിയിൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷാ കാലയളവ് | 30.11.2024 തീയതിയിൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷാ കാലയിളവ് | ഫൈൻ സംബന്ധിച്ച വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | സി.നം. 4650 ഷനിൽകുമാർ (37) | ഒരാളെ കൊലപ്പെടുത്തി | 10 വർഷം കഠിന തടവ് (302, IPC) | പ്രതികൂലം | അനുകൂലം | 7 വർഷം 6 മാസം 18 ദിവസം | 8 വർഷം 7 മാസം | ഫൈൻ അടച്ചിട്ടില്ല |
| 2 | സി.നം. 383/23 സാബു പി.പി. (57) | ഒരാളെ വെട്ടിപ്പരിക്കേൽപ്പിച്ചു | 2 വർഷം കഠിന തടവ് (452, 324 & 294(B) IPC) | പ്രതികൂലം | അനുകൂലം | 1 വർഷം 3 മാസം 28 ദിവസം | 1 വർഷം 6 മാസം 10 ദിവസം | **വിട്ടുതൽ ചെയ്തു** |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | സി.നം. 376/23 ശങ്കരൻ (76) | അയൽവാസിയെ ആക്രമിച്ച് പരിക്കേൽപ്പിച്ചു | 5 വർഷം കഠിന തടവ് (326, 307 IPC) | ലഭ്യമല്ല | പ്രതികൂലം — | 1 വർഷം 9 മാസം 18 ദിവസം | 1 വർഷം 11 മാസം 28 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 4 | സി.നം. 162/22 ജോണി (56) | 12 വയസുള്ള മകളെ ലൈംഗികമായി പീഡിപ്പിക്കുകയും, ഇളയ മകളെ പരിക്കേല്പിക്കുകയും ചെയ്തു | 7 വർഷം കഠിന തടവ് (3(b) r/w 5(r) (h) r/w 6 of POCSO Act) | പ്രതികൂലം | അനുകൂലം | 5 വർഷം 10 മാസം 2 ദിവസം | 6 വർഷം 3 മാസം 1 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 5 | സി.നം. 229/23 ബിനോയ് ജോസഫ് (51) | സംഘടനാ തർക്കത്തെ തുടർന്ന് 3 പേരെ ആക്രമിച്ച് പരിക്കേൽപ്പിച്ചു | 3 വർഷം കഠിന തടവ് (307, 326,324,147,143 IPC) | പ്രതികൂലം | അനുകൂലം | 1 വർഷം 7 മാസം 2 ദിവസം | 1 വർഷം 10 മാസം 7 ദിവസം | ഫൈൻ അടച്ചു |

4. പ്രസ്തുത അന്തേവാസികളുടെ കേസ് വിശദാംശങ്ങൾ പരിശോധിച്ച് നിയമവകുപ്പ് ലഭ്യമാക്കിയ അഭിപ്രായം Annexure I, II ആയി ചേർത്തിട്ടുണ്ട്. ഇതിൻ പ്രകാരം 5 അന്തേവാസികളുടെയും അകാലവിടുതലിന് നിയമതടസ്സങ്ങൾ ഇല്ലായെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. അകാലവിടുതലുമായി ബന്ധപ്പെട്ട്, കുറ്റകൃത്യത്തിന്റെ സ്വഭാവം മാത്രം പരിഗണിച്ച് തടവുകാർക്ക് അകാലവിടുതൽ നിഷേധിക്കുന്നതിനെതിരായി ബഹു. സുപ്രീംകോടതി WP(Crl) 520/22 നമ്പർ കേസിൽ,

Joseph Vs State of Kerala, 21.09.2023 തീയതിയിലെ വിധിന്യായത്തിൽ നിരീക്ഷണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

".............33. Classifying to use a better word, typecasting convicts, through guidelines which are inflexible, based on their crime committed in the distant past can result in the real danger of overlooking the reformative potential of each individual convict. Grouping types of convicts, based on the offences they were found to have committed, as a starting point, may be justified. However, the prison laws in India - read with Articles 72 and 161 encapsulate a strong underlying reformative purpose. The practical impact of a guideline, which bars consideration of a premature release request by a convict who has served over 20 or 25 years, based entirely on the nature of crime committed in the distant past, would be to crush the life force out of such individual, altogether. Thus, for instance, a 19 or 20 year old individual convicted for a crime, which finds place in the list which bars premature release, altogether, would mean that such person would never see freedom, and would die within the prison walls. There is a peculiarity of continuing to imprison one who committed a crime years earlier who might well have changed totally since that time. This is the condition of many people serving very long sentences. They may have killed someone (or done something much less serious, such as commit a narcotic drug related offences or be serving a life sentence for other non-violent crimes) as young individuals and remain incarcerated 20 or more years later. Regardless of the morality of continued punishment, one may question its rationality. The question is, what is achieved by continuing to punish a person who recognises the wrongness of what they have done, who no longer identifies with it, and who bears little resemblance to the person they were years earlier? It is tempting to say that they are no longer the same person. Yet, the insistence of guidelines, obdurately, to not look beyond the red lines drawn by it and continue in denial to consider the real impact of prison good behavior, and other relevant factors (to ensure that such individual has been rid of the likelihood of causing harm to society) results in violation of Article 14 of the Constitution. Excluding the relief of premature release to prisoners who have served extremely long periods of

incarceration, not only crushes their spirit, and instils despair, but signifies society's resolve to be harsh and unforgiving. The idea of rewarding, a prisoner for good conduct is entirely negated.

34. In the petitioner's case, the 1958 Rules are clear a life sentence, is deemed to be 20 years of incarceration. After this, the prisoner is entitled to premature release. 28 The guidelines issued by the NHRC pointed out to us by the counsel for the petitioner, are also relevant to consider that of mandating release, after serving 25 years as sentence (even in heinous crimes). At this juncture, redirecting the petitioner who has already undergone over 26 years of incarceration (and over 35 years of punishment with remission), before us to undergo, yet again, consideration before the Advisory Board, and thereafter, the state government for premature release - would be a cruel outcome, like being granted only a salve to fight a raging fire, in the name of procedure. The grand vision of the rule of law and the idea of fairness is then swept away, at the altar of procedure which this court has repeatedly held to be a "handmaiden of justice".

35. Rule 376 of the 2014 Rules prescribes that prisoners shall be granted remission for keeping peace and good behaviour in jail. As per the records produced by the State, the petitioner has earned over 8 years of remission, thus demonstrating his good conduct in jail. The discussions in the minutes of the meetings of the Jail Advisory Board are also positive and find that he is hardworking, disciplined, and a reformed inmate. Therefore, in the interest of justice, this court is of the opinion, that it would be appropriate to direct the release of the petitioner, with immediate effect. It is ordered accordingly.

36. The writ petition, thus, stands allowed in the above terms. Pending applications, if any, are disposed of.

6. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ബഹു കേരളാ ഹൈക്കോടതി മുമ്പാകെ ശ്രീമതി പ്രസന്ന, ശ്രീമതി ബിന്ദു പ്രകാശൻ എന്നിവർ യഥാക്രമം ഫയൽ ചെയ്ത WA.No. 1245/24, WA No.2137/24 എന്നിവയിന്മേലും ശ്രീ ബാല്യ ഫയൽ ചെയ്ത WP(Crl) 1215/24-ലും സമാന വിധത്തിലുള്ള

47



വിധിന്യായം ബഹു. കോടതി പുറപ്പെടുവിച്ചിട്ടുള്ളതും ഈ വിധിന്യായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് നെട്ടുകാൽത്തേരി തുറന്ന ജയിലിലെ അന്തേവാസിയും മേൽകേസിൽ ഉൾപ്പെട്ടതുമായ സി.നം.2761 രാജൻ, ചീമേനി തുറന്ന ജയിലിലെ അന്തേവാസിയായിരുന്ന സി.നം. 321 പ്രകാശൻ എന്നിവർക്ക് 15.09.2025 തീയതിയിലെ സ.ഉ(കൈ)നം.171/2025/ആഭ്യന്തരം പ്രകാരവും വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസിയായ സി.നം. 6036 ബാലു, സി.നം.4028 റിജോ എന്നിവരുൾപ്പടെയുള്ള നാലുപേർക്ക് 31.10.2025 തീയതിയിലെ സ.ഉ(കൈ)നം.206/2025/ആഭ്യന്തരം പ്രകാരവും അകാല വിട്ടുതൽ അനുവദിക്കുകയുണ്ടായി.

7. കുറ്റവാളികളുടെ മേൽ ചുമത്തുന്ന പിഴ ശിക്ഷ (fine sentence) സംബന്ധിച്ച് Bilkis Yakub Rasool Vs Union of India, MANU/SC/0025/2024 നമ്പർ കേസിലെ ഉത്തരവിൽ ബഹു. സുപ്രീംകോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നിയമവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്:

*" **Bilkis Yakub Rasool Vs. Union of India, MANU/SC/0025/2024** എന്ന കേസിൽ അകാല വിട്ടുതലിനായി പരിഗണിക്കുന്ന തടവുകാർക്ക് ശിക്ഷയോടൊപ്പം ഫൈൻ കൂടി വിധിച്ചിട്ടുള്ളതാണെങ്കിൽ ഫൈൻ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ കൂടി പരിശോധിക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. ആയത് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.*

*ബിൽക്കിസ്* യാക്കുബ്, കേസിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിലെ 54ാം ഖണ്ഡികയിൽ പിഴയ്ക്ക് പകരമുള്ള ശിക്ഷ സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. ഖണ്ഡിക 54 -3 ൽ ........" *the sentence of imprisonment awarded to a person for committing an offence is distinct than the imprisonment ordered to be undergone on default of payment of fine. The latter is not a substantive sentence for commission of offence but is in the nature of penalty for default in payment of fine"* എന്ന് വ്യക്തമാക്കുന്നു. സമാനമായ മറ്റൊരു കേസിൽ നിയമവകുപ്പ് തന്ന ഉപദേശത്തിൽ ഇത് വിശദീകരിക്കുന്നുണ്ട്

8. ഇതിൻ പ്രകാരം ശിക്ഷാ ഇളവിൽ പരിഗണിക്കുന്ന തടവുകാർ ഫൈൻ ഒടുക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തുവാൻ ജയിൽ മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. പിഴ ഒടുക്കാത്തതിന് പകരമായി അനുഭവിക്കേണ്ട ശിക്ഷാ കാലാവധി കൂടി കണക്കിലെടുത്തല്ല ജയിൽ ഉപദേശകസമിതികൾ BNSS 475 (CrPC 433 A) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മിനിമം കാലാവധിയായ 14

വർഷം കണക്കാക്കിയിട്ടുള്ളതെന്നും Set off കാലാവധി ഉൾപ്പെടെയുള്ള യഥാർത്ഥ ശിക്ഷ (Substantive Sentence) മാത്രമാണ് ഇതിനായി കണക്കാക്കുന്നതെന്നും ജയിൽ ഉപദേശക സമിതി ശിപാർശ അനുസരിച്ച് വിട്ടതൽ ഉത്തരവാകുന്ന പക്ഷം, അന്തേവാസികൾ പിഴത്തുക ഒടുക്കിയെന്ന് ഉറപ്പുവരുത്തി മാത്രമാണ് വിട്ടുതൽ ചെയ്യുന്നതെന്നും പിഴ ഒടുക്കാത്ത തടവുകാരെ പിഴയ്ക്ക് പകരമായി അനുഭവിക്കേണ്ട ശിക്ഷ കൂടി അനുഭവിച്ച ശേഷം മാത്രമാണ് വിട്ടുതൽ ചെയ്യുന്നതെന്നും ജയിൽ മേധാവി അറിയിച്ചിട്ടുണ്ട്.

9. ഈ ശിപാർശയിൽ ഉൾപ്പെട്ട സി.നം. 4650 ഷനിൽകുമാർ വിട്ടുതൽ ആകുന്ന മുറയ്ക്ക് പിഴത്തുക അടയ്ക്കുന്നതാണെന്നും സി.നം.376/23 ശങ്കരന് പിഴത്തുക അടയ്ക്കുവാൻ നിവൃത്തിയില്ലായെന്നും സി.നം. 162/22 ജോണി കാൻസർ രോഗബാധിതനായതിനാൽ പിഴത്തുക അടയ്ക്കുവാൻ നിവൃത്തിയില്ലായെന്നും അറിയിച്ചിട്ടുള്ളതായി ജയിൽവകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സി.നം.229/23 ബിനോയ് ജോസഫ് പിഴത്തുക അടച്ചിട്ടുള്ളതും സി.നം. 383/23 സാബു പി.പി ശിക്ഷ പൂർത്തിയാക്കി വിട്ടുതലായിട്ടുള്ളതായും ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അറിയിച്ചിട്ടുണ്ട്.

10. വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 24.01.2025 തീയതിയിൽ കൂടിയ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

**തീരുമാനിക്കേണ്ട വിഷയം**

വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 24.01.2025 തീയതിയിൽ കൂടിയ ഉപദേശക സമിതിയുടെ ശിപാർശയും നിയമ വകുപ്പിന്റെ ഉപദേശവും പരിഗണിച്ച് ഭരണഘടനയുടെ 161-ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും, ശിക്ഷിക്കപ്പെട്ട പിഴ അടച്ച കഴിഞ്ഞു മാത്രമോ അല്ലെങ്കിൽ പിഴയ്ക്ക പകരമുള്ള ശിക്ഷ അനുഭവിച്ച കഴിഞ്ഞു മാത്രമോ ആയിരിക്കും വിട്ടുതൽ എന്ന് വ്യക്തമാക്കികൊണ്ടും, ശിക്ഷ പൂർത്തിയാക്കി വിട്ടുതൽ ചെയ്യപ്പെട്ട സി.നം. 383/23 സാബു പി.പി എന്ന അന്തേവാസിയെ ഒഴിവാക്കി ചുവടെ പറയുന്ന 04 അന്തേവാസികളുടെ ശേഷിക്കുന്ന പ്രധാന ശിക്ഷാ കാലയളവ് (period

of substantive sentence) ഇളവ് ചെയ്ത് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?

1. സി.നം. 4650 ഷനിൽകുമാർ
2. സി.നം. 376/23 ശങ്കരൻ
3. സി.നം. 162/22 ജോണി
4. സി.നം. 229/23 ബിനോയ് ജോസഫ്

# Annexure I

1. 2010-ലെ കേരള പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് (മാനേജ്മെൻറ്) ആക്റ്റിന്റെ 77-ാം വകുപ്പ് പ്രകാരം തടവുകാർക്ക് സ്വമേധയാ അല്ലെങ്കിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം അകാല വിട്ടുതൽ അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുന്നു. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 462-ാം ചട്ടം അനുസരിച്ച്, തടവുകാരെ അകാലവിട്ടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും വനിതാജയിലുകളിലും, തുറന്ന ജയിലുകളിലും അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികളെ രൂപീകരിച്ചിട്ടുണ്ട്. വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ഉപദേശക സമിതി 24.01.2025 ന് ചേർന്ന യോഗത്തിൽ 5 തടവുകാരുടെ അകാലവിട്ടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ശിക്ഷയുടെ ഭാഗമായുള്ള ഫൈൻ തുക ഒടുക്കിയതുമായ വിവരങ്ങൾ ഡയറക്ടർ ജനറൽ 02-05-2025 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. അകാല വിട്ടുതൽ സംബന്ധിച്ച ഫയലുകൾ നിയമ വകുപ്പിലേക്ക് അയക്കുമ്പോൾ ബന്ധപ്പെട്ട കോടതികളുടെ വിധികളുടെ പകർപ്പുകൾ, മറ്റ് രേഖകളുടെ പകർപ്പുകൾ എന്നിവ ഈ വകുപ്പിന്റെ പരിശോധനക്കായി നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. Bilkis Yakub Rasool Vs. Union of India,MANU/SC/0025/2024 എന്ന കേസിൽ അകാല വിട്ടുതലിനായി പരിഗണിക്കുന്ന തടവുകാർക്ക് ശിക്ഷയോടൊപ്പം ഫൈൻ കൂടി വിധിച്ചിട്ടുള്ളതാണെങ്കിൽ ഫൈൻ ഒടുക്കിയത് സംബന്ധിച്ച് വിവരങ്ങൾ കൂടി പരിശോധിക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. ആയത് ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ഉപദേശക സമിതി ശിപാർശ സംബന്ധിച്ച കേസ് ഫയൽ ഈ വകുപ്പ് വിശദമായി പരിശോധിച്ചു. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള തടവുകാരെ സംബന്ധിച്ച വിശദാംശങ്ങളുടെ സമഗ്രമായ പരിശോധനയുടെ അടിസ്ഥാനത്തിൽ, താഴെപറയുന്ന രീതിയിൽ വകുപ്പിനെ അറിയിക്കുന്നു.

**1. സി.നം. 4650 ഷനിൽകുമാർ @ കണ്ണൻ S/o മാധവൻ (വയസ്സ് -37/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| ബന്ധുവായ കൃഷ്ണൻ പ്രതിയെ ഭ്രാന്തന്റെ മകൻ എന്ന് വിളിച്ച് കളിയാക്കുന്ന കാരണവും കല്ല്യാണചടങ്ങിന് സാമ്പത്തിക സഹായം നല്കാമെന്ന് ഏറ്റിരുന്ന ആളോട് അത് കൊടുക്കരുതെന്ന് പറഞ്ഞു കൊണ്ടുള്ള ശത്രുത മൂലവും കൃഷ്ണനെ വെട്ടിക്കൊലപ്പെടുത്തി എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്. സി. നം. 380/2011 കേസിലെ പ്രതിയായ | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ |

| | |
|---|---|
| ടിയാനെ പ്രൻസിപ്പൽ സെഷൻസ് കോടതി, തൃശ്ശൂർ കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻ ശിക്ഷാനിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 2,00,000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 2 വർഷം തടവും ഉത്തരവായിട്ടുണ്ട്.<br>10.10.2024 ലെ ക്രിമിനൽ അപ്പീൽ നം. 425/2021 ലെ ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി 10 വർഷം കഠിന തടവും, 10,000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 3 മാസം കഠിന തടവുമായി ഇളവു ചെയ്തിട്ടുണ്ട്( വിധിപ്പകർപ്പ് ഫയലിനൊപ്പം പരിശോധനയ്ക്കായി ലഭ്യമല്ല. വിധിപ്പകർപ്പ് ബഹു ഹൈക്കോടതിയുടെ വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്തു പരിശോധിച്ചു) | സേവനങ്ങളും(നിർവ്വഹണം) ചട്ടങ്ങളിലെ 464(1)(v) പ്രകാരം സ്ഥിരം കുറ്റവാളികളല്ലാത്ത പുരുഷന്മാരെയും യുവാക്കളായ കുറ്റവാളികളെയും സംബന്ധിച്ച് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാത്തതും എന്നാൽ ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ ഇളവുകൾ ഉൾപ്പെടെ യഥാർത്ഥ ശിക്ഷയുടെ പകുതി പൂർത്തിയാകുന്ന മുറയ്ക്കും എന്നാൽ ഒരു വർഷത്തേയ്ക്ക് മാത്രം ശിക്ഷിക്കപ്പെട്ടവരുടെ കേസുകളിൽ ശിക്ഷായിളവ് ഉൾപ്പെടെ ഒരു വർഷം പൂർത്തിയായതിനുശേഷം എന്ന നിബന്ധനയിലും അകാല വിടുതലിന് പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 30.11.2024 തീയതി അടിസ്ഥാനപ്പെടുത്തി 07 വർഷവും 06 മാസവും 18 ദിവസവും ടിയാൻ യഥാർത്ഥ തടവും ഇളവുകൾ ഉൾപ്പെടെ 08 വർഷവും 07 മാസവും തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>ബഹു. കോടതികളുടെ വിധികളിൽ തടവുകാരന്റെ അകാലവിടുതൽ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടങ്ങളിലെ 464(1)(v) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷാ കാലയളവ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**2. സി.നം. 383/23 സാബു പി.പി. S/0 പാപ്പൻ കുട്ടപ്പൻ (വയസ്സ് -57/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| പരാതിക്കാരന്റെ വീട്ടിൽ വെച്ച് നടന്ന ഒരു യോഗത്തിനിടയിൽ ഭാര്യയെ അന്വേഷിച്ച് ചെന്ന ടിയാൻ മദ്യലഹരിയിൽ ബഹളം വയ്ക്കുകയും വീട്ടുടമയെ വീട്ടുമുറ്റത്ത് വച്ച് ആക്രമിക്കുകയും, കത്തി ഉപയോഗിച്ച് പരാതിക്കാരന്റെ പറമ്പിലെ വാഴ വെട്ടിനശിപ്പിക്കുകയും, പരാതിക്കാരന്റെ വലത് | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂലവും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ചെവിക്ക് പിറകിലായി വെട്ടിപരിക്കേൽപിക്കുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br><br>സി.സി.നം. 2808/2023 കേസിലെ പ്രതിയായ ടിയാനെ ജെ.എഫ്.സി.എം-I, കോട്ടയം കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 452 വകുപ്പ് പ്രകാരം 2 വർഷം തടവും 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 1 മാസം തടവും, ഇന്ത്യൻശിക്ഷാനിയമം 324 വകുപ്പ് പ്രകാരം 1 വർഷം തടവും, ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.<br>സി.സി.നം.603/2023 പ്രകാരം ജെ.എഫ്.സി.എം-I, കോട്ടയം ടിയാന് 1,000/- രൂപ പിഴയും, പിഴ അടച്ചില്ലെങ്കിൽ 01 ദിവസം കഠിന തടവും ഉത്തരവായിട്ടുള്ളതായും സി.സി. നം. 611/2023 പ്രകാരം ജെ.എഫ്.സി.എം-I, കോട്ടയം ടിയാന് 15 ദിവസം തടവും ഉത്തരവായിട്ടുള്ളതായും കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ പ്രസ്തുത വിധിപ്പകർപ്പുകൾ പരിശോധനയ്ക്കായി ലഭ്യമല്ല. | 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 464(1)(v) പ്രകാരം സ്ഥിരം കുറ്റവാളികളല്ലാത്ത പുരുഷന്മാരെയും യുവാക്കളായ കുറ്റവാളികളെയും സംബന്ധിച്ച് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാത്തതും എന്നാൽ ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ ഇളവുകൾ ഉൾപ്പെടെ യഥാർത്ഥ ശിക്ഷയുടെ പകുതി പൂർത്തിയാകുന്ന മുറയ്ക്കും എന്നാൽ ഒരു വർഷത്തേയ്ക്ക് മാത്രം ശിക്ഷിക്കപ്പെട്ടവരുടെ കേസുകളിൽ ശിക്ഷായിളവ് ഉൾപ്പെടെ ഒരു വർഷം പൂർത്തിയായതിനുശേഷം എന്ന നിബന്ധനയില്ലും അകാല വിട്ടതലിന് പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 30.11.2024 തീയതി അടിസ്ഥാനപ്പെടുത്തി 01 വർഷവും 03 മാസവും 28 ദിവസവും ടിയാൻ യഥാർത്ഥ തടവും ഇളവുകൾ ഉൾപ്പെടെ 01 വർഷവും 06 മാസവും 10 ദിവസവും തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>സി.സി.നം. 2808/2023 കേസിലെ ശിക്ഷാവിധിയിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടങ്ങളിലെ 464(1)(V) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷാ കാലയളവ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**3. സി.നം. 376/23 ശങ്കരൻ S/o നാരായണപണിക്കർ (വയസ്സ് -76/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| അയൽവാസിയുടെ ഭൂമിയിലൂടെ ഇലക്ട്രിക് ലൈൻ വലിക്കാൻ വിസമ്മതിച്ചതിനെ തുടർന്നുള്ള | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ |

| | |
|---|---|
| വൈരാഗ്യത്താൽ ടിയാനെ ആക്രമിച്ച് പരിക്കേല്പിച്ച എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br><br>എസ്.സി.നം. 85/2013 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ സെഷൻസ് കോടതി-III, തൃശ്ശൂർ കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 307 വകുപ്പ് പ്രകാരം 5 വർഷം കഠിന തടവും 50000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം കഠിന തടവും, ഇന്ത്യൻ ശിക്ഷാനിയമം 326 വകുപ്പ് പ്രകാരം 3 വർഷം കഠിന തടവും, 50000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 3 മാസം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും സെറ്റ് ഓഫും അനുവദിച്ചിട്ടുണ്ട്. | പ്രതികൂല റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. പോലീസ് റിപ്പോർട്ട് പരിശോധനയ്ക്കായി ലഭ്യമായിട്ടില്ല. ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 464(1)(viii) പ്രകാരം 65 വയസ്സ് കഴിഞ്ഞ പുരുഷന്മാരും 55 വയസ്സ് കഴിഞ്ഞ സ്ത്രീകളും അവശരുമായ കുറ്റവാളികളെ സംബന്ധിച്ച് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 433 എ വകുപ്പിന്റെ പരിധിയിൽ വരാത്ത , ഒരു വർഷമോ അതിലേറെയോ ശിക്ഷിക്കപ്പെട്ടവരുടെ കേസുകൾ ശിക്ഷയുടെ മൂന്നിലൊന്ന് പൂർത്തിയാകുന്ന മുറയ്ക്ക് ഇളവുകൾ ഉൾപ്പെടെ ഒരുവർഷമെങ്കിലും ജയിലിൽ കഴിഞ്ഞിരിക്കണമെന്ന നിബന്ധനയിലും അകാല വിടുതലിന് പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തടവുകാരന് നിലവിൽ 76 വയസ്സുണ്ട്. 30.11.2024 തീയതി അടിസ്ഥാനപ്പെടുത്തി 1 വർഷവും 09 മാസവും 18 ദിവസവും ടിയാൻ യഥാർത്ഥ തടവും ഇളവുകൾ ഉൾപ്പെടെ 01 വർഷവും 11 മാസവും 28 ദിവസവും തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>ബഹു. വിചാരണ കോടതിയുടെ ശിക്ഷാവിധിയിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടങ്ങളിലെ 464(1)(viii) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷാ കാലയളവ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. |

- 57

**4. സി.നം. 162/22 ജോണി S/0 അന്തോണി (വയസ്സ് -56/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| 12 വയസ്സുള്ള മൂത്ത മകളെ നിരന്തരമായി ലൈംഗികമായി പീഡിപ്പിക്കുകയും, കൂടാതെ ഇളയ മകളെ അടിക്കുകയും, പരിക്കേല്പിക്കുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br><br>എസ്.സി.നം. 862/2016 കേസിലെ പ്രതിയായ ടിയാനെ സ്പെഷ്യൽ കോടതി (ഫാസ്റ്റ്ട്രാക്ക്), തൃശ്ശൂർ, കുറ്റക്കാരനെന്നു കണ്ടെത്തുകയും POCSO നിയമം 10 r/w 9(n) വകുപ്പ് പ്രകാരം 7 വർഷം കഠിന തടവും 50000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം കഠിന തടവും ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്. | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. സംസ്ഥാനതല ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 464(1)(v) പ്രകാരം സ്ഥിരം കുറ്റവാളികളല്ലാത്ത പുരുഷന്മാരെയും യുവാക്കളായ കുറ്റവാളികളെയും സംബന്ധിച്ച് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാത്തതും എന്നാൽ ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ ഇളവുകൾ ഉൾപ്പെടെ യഥാർത്ഥ ശിക്ഷയുടെ പകുതി പൂർത്തിയാകുന്ന മുറയ്ക്കും എന്നാൽ ഒരു വർഷത്തേയ്ക്ക് മാത്രം ശിക്ഷിക്കപ്പെട്ടവരുടെ കേസുകളിൽ ശിക്ഷായിളവ് ഉൾപ്പെടെ ഒരു വർഷം പൂർത്തിയായതിനുശേഷം എന്ന നിബന്ധനയിലും അകാല വിടുതലിന് പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . 30.11.2024 തീയതി അടിസ്ഥാനപ്പെടുത്തി 05 വർഷവും 10 മാസവും 02 ദിവസവും ടിയാൻ യഥാർത്ഥ തടവും ഇളവുകൾ ഉൾപ്പെടെ 06 വർഷവും 03 മാസവും 01 ദിവസവും തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള ഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br><br>ബഹു. കോടതിയുടെ ശിക്ഷാ വിധിയിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടങ്ങളിലെ 464(1) |

| | |
|---|---|
| | (v) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷാ കാലയളവ്<br>പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ<br>അകാല മോചനത്തിന് നിയമ തടസ്സമില്ല<br>എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.. |

**5. സി.നം. 229/23 ബിനോയ് ജോസഫ് S/o ജോസഫ് (വയസ്സ് -51/24)**

ലോറിയിൽ മരത്തടികൾ കയറ്റുന്നതുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് സി.ഐ.ടി.യു. സംഘടന മെമ്പറായിരുന്ന ടിയാൻ അടക്കമുള്ള പതിനഞ്ചോളം ആൾക്കാർ സംഘം ചേർന്ന് മാരകായുധങ്ങളുമായി ഐ.എൻ.ടി.യു.സി. സംഘടന അംഗങ്ങളെ ആക്രമിക്കുകയും 3 പേർക്ക് പരിക്കേൽക്കുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.

എസ്.സി.നം. 52/1999 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി-4, തൊടുപുഴ കുറ്റക്കാരനെന്നു കണ്ടെത്തുകയും, 3 വർഷം കഠിന തടവും 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 5 മാസം കഠിന തടവും ഉത്തരവായിട്ടുള്ളതായും കേസ് ഫയലിനൊപ്പമുള്ള ജയിൽ ഉപദേശക സമിതിയുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ എസ്.സി.നം. 52/1999 കേസിലെ വിധിപ്പകർപ്പ് പരിശോധനയ്ക്കായി ഭരണ വകുപ്പ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. മിനുട്സിൽ അപ്പീൽ ഫയൽ ചെയ്തിട്ടില്ല എന്നാണ് രേഖപ്പെടുത്തി കാണുന്നത്. എന്നാൽ അപ്പീൽ വിധിന്യായം ഫിസിക്കൽ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടുമുണ്ട്. 04.04.2023 ലെ ക്രിമിനൽ അപ്പീൽ നം. 1208/2004 പരിശോധിച്ചതിൽ പ്രസ്തുത ഉത്തരവിൽ ടിയാന് വിചാരണ കോടതി ഇന്ത്യൻ ശിക്ഷാ നിയമം 143 , 147 , 148 , 324 , 326 , 307 എന്നീ വകുപ്പുകൾക്കാണ് ശിക്ഷിച്ചിട്ടുള്ളതായും അതിൽ 307 , 326 എന്നീ വകുപ്പുകൾക്ക് 3 വർഷം വീതം , 324 വകുപ്പിന് 2 വർഷം എന്നിങ്ങനെ ശിക്ഷ നല്കിയിട്ടുള്ളതായും കാണുന്നു. 30.11.2024 തീയതി അടിസ്ഥാനപ്പെടുത്തി 01 വർഷവും 7 മാസവും 02 ദിവസവും ടിയാൻ യഥാർത്ഥ തടവും ഇളവുകൾ ഉൾപ്പെടെ 01 വർഷവും 10 മാസവും 07 ദിവസവും തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള ഫോർമയിൽ രേഖപ്പെടുത്തി കാണുന്നു. വിചാരണക്കോടതിയുടെ ഉത്തരവിൽ 3-ാം പ്രതിയായ ടിയാനെതിരെ ഏതൊക്കെ കുറ്റങ്ങൾക്കാണ് ശിക്ഷവിധിച്ചിട്ടുള്ളതെന്നും ശിക്ഷകളുടെ രീതിയും പരിശോധിക്കാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടില്ല. പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. സംസ്ഥാനതല ഉപദേശക സമിതി ടിയാനെ

മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വിചാരണ കോടതിയുടെ ഉത്തരവ് സഹിതം ഫയൽ മടക്കി നല്കാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു.

- 19 -

## Annexure II

1. 2010-ലെ കേരള പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് (മാനേജ്മെൻറ്) ആക്ടിന്റെ 77-ാം വകുപ്പ് പ്രകാരം തടവുകാർക്ക് സ്വമേധയാ അല്ലെങ്കിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം അകാല വിട്ടുതൽ അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുന്നു.

2. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 462-ാം ചട്ടം അനുസരിച്ച്, തടവുകാരെ അകാലവിട്ടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും വനിതാജയിലുകളിലും, തുറന്ന ജയിലുകളിലും അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികളെ രൂപീകരിച്ചിട്ടുണ്ട്. വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ഉപദേശക സമിതി 24.01.2025 ന് ചേർന്ന യോഗത്തിൽ 5 തടവുകാരുടെ അകാലവിട്ടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ആയതിൽ നിയമവകുപ്പ്ആവശ്യപെട്ട പ്രകാരം സി.നം. 229/23 ബിനോയ് ജോസഫ് S/o ജോസഫ്-ന്റെ കേസിലെ വിചാരണ കോടതി ഉത്തരവ് സഹിതം അകാല വിട്ടുതൽ അനുവദിക്കുന്നത് സംബന്ധിച്ചുള്ള അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് ഭരണവകുപ്പ ഫയൽ കൈമാറിയിട്ടുള്ളത്. ശിക്ഷയുടെ ഭാഗമായുള്ള ഫൈൻ തുക ഒടുക്കിയതുമായ വിവരങ്ങൾ ഡയറക്ടർ ജനറൽ 02-05-2025 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. Bilkis Yakub Rasool Vs. Union of India,MANU/SC/0025/2024 എന്ന കേസിൽ അകാല വിട്ടുതലിനായി പരിഗണിക്കുന്ന തടവുകാർക്ക് ശിക്ഷയോടൊപ്പം ഫൈൻ കൂടി വിധിച്ചിട്ടുള്ളതാണെങ്കിൽ ഫൈൻ ഒടുക്കിയത് സംബന്ധിച്ച് വിവരങ്ങൾ കൂടി പരിശോധിക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. ആയത് ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ഉപദേശക സമിതി ശിപാർശ സംബന്ധിച്ച കേസ് ഫയൽ ഈ വകുപ്പ് വിശദമായി പരിശോധിച്ചു. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള സി.നം. 229/23 ബിനോയ് ജോസഫ് S/o ജോസഫ്-ന്റെ ശുപാർശ സംബന്ധിച്ച വിശദാംശങ്ങളുടെ സമഗ്രമായ പരിശോധനയുടെ അടിസ്ഥാനത്തിൽ, താഴെപറയുന്ന രീതിയിൽ വകുപ്പിനെ അറിയിക്കുന്നു.

| **സി.നം. 229/23 ബിനോയ് ജോസഫ് S/o ജോസഫ് (വയസ്സ് -51/24)** | |
|---|---|
| **ശിക്ഷാവിധിയുടെ വിശദാംശങ്ങൾ** | **ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ** |
| ലോറിയിൽ മരത്തടികൾ കയറ്റുന്നതുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് സി.ഐ.ടി.യു. സംഘടന മെമ്പറായിരുന്ന ടിയാൻ അടക്കമുള്ള പതിനഞ്ചോളം | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക സമിതി |

| | |
|---|---|
| ആൾക്കാർ സംഘം ചേർന്ന് മാരകായുധങ്ങളുമായി ഐ.എൻ.ടി.യു.സി. സംഘടന അംഗങ്ങളെ ആക്രമിക്കുകയും 3 പേർക്ക് പരിക്കേൽക്കുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 52/1999 കേസിലെ 3-ാം പ്രതിയായ ടിയാനെ അഡീഷണൽ സെഷൻസ് കോടതി(അഡ്ഹോക്) -II , തൊടുപുഴ കുറ്റക്കാരനെന്നു കണ്ടെത്തുകയും,ഇന്ത്യൻശിക്ഷാനിയമം 307 -ാം വകുപ്പ് പ്രകാരം 3 വർഷം കഠിന തടവും 2000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 02 മാസം വെറും തടവും, ഇന്ത്യൻശിക്ഷാനിയമം 326-ാം വകുപ്പ് പ്രകാരം 3 വർഷം കഠിന തടവും 2000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 02 മാസം വെറും തടവും,ഇന്ത്യൻശിക്ഷാനിയമം 324 -ാം വകുപ്പ് പ്രകാരം 2 വർഷം കഠിന തടവും 1000/-- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 01 മാസം വെറും തടവും, ഇന്ത്യൻശിക്ഷാനിയമം 148 -ാം വകുപ്പ് പ്രകാരം 6 മാസം കഠിന തടവും , ഇന്ത്യൻശിക്ഷാനിയമം 147 -ാം വകുപ്പ് പ്രകാരം 3 മാസം കഠിന തടവും , ഇന്ത്യൻശിക്ഷാനിയമം 143 -ാം വകുപ്പ് പ്രകാരം 2 മാസം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷാ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും, സെറ്റ് ഓഫും അനുവദിച്ചും ഉത്തരവായിട്ടുണ്ട്.<br>ക്രിമിനൽ അപ്പീൽ നം. 2174/2008 പ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ ക്രിമിനൽ അപ്പീൽ നം. 1208/2004 ലെ 9.12.2012 ലെ വിധിന്യായ പ്രകാരം ടിയാനെതിരെയുള്ള വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്. | ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടങ്ങളിലെ 464(1) (v) പ്രകാരം സ്ഥിരം കുറ്റവാളികളല്ലാത്ത പുരുഷന്മാരെയും യുവാക്കളായ കുറ്റവാളികളെയും സംബന്ധിച്ച് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാത്തതും എന്നാൽ ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ ഇളവുകൾ ഉൾപ്പെടെ യഥാർത്ഥ ശിക്ഷയുടെ പകുതി പൂർത്തിയാകുന്ന മുറയ്ക്കും എന്നാൽ ഒരു വർഷത്തേയ്ക്ക് മാത്രം ശിക്ഷിക്കപ്പെട്ടവരുടെ കേസുകളിൽ ശിക്ഷായിളവ് ഉൾപ്പെടെ ഒരു വർഷം പൂർത്തിയായതിനുശേഷം എന്ന നിബന്ധനയിലും അകാല വിട്ടുതലിന് പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 30.11.2024 തീയതി അടിസ്ഥാനപ്പെടുത്തി 01 വർഷവും 07 മാസവും 02 ദിവസവും ടിയാൻ യഥാർത്ഥ തടവും ഇളവുകൾ ഉൾപ്പെടെ 01 വർഷവും 10 മാസവും 07 ദിവസവും തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>ബഹു. കോടതികളുടെ വിധികളിൽ തടവുകാരന്റെ അകാലവിട്ടുതൽ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടങ്ങളിലെ 464(1) (v) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷാ കാലയളവ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. |

-63-

(72)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-01-2026

ഫയൽ നം. ബി1/158/2025/ആഭ്യന്തരം. ഇനം നം: 3586

വിഷയം : ആഭ്യന്തര വകുപ്പ് - ജയിലുകൾ - 24.01.2025 തീയതിയിലെ വിയ്യൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ 2024 വർഷത്തെ രണ്ടാം അർദ്ധ വാർഷിക ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നത്.

തീരുമാനം : പ്രൊബേഷൻ ഓഫീസർ ശിപാർശ ചെയ്യാത്ത തടവുകാർക്ക് അകാലവിടുതൽ അനുവദിക്കേണ്ടതില്ലായെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

30/1/26.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.